Circular No.124
Faith Formation Day 2012

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 25-11-2012

പ്രിയ ബഹു. അച്ചാ,

2012 ഡിസംബർ മാസം 9-ാം തീയതി ഞായറാഴ്ച നമ്മുടെ അതിരൂപത വിശ്വാസ പരിശീലന ദിനമായി ആചരിക്കുകയാണ്. വിശ്വാസ പരിശീലന ശുശ്രൂഷയിൽ അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന എല്ലാ വൈദികരേയും സന്യാസിനികളേയും വിശ്വാസ പരിശീലകരേയും ഈ ദിനത്തിൽ പ്രത്യേകം നന്ദിപൂർവ്വം അനുസ്മരിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്യുന്നു. സാർവ്വത്രികസഭ വിശ്വാസ വർഷമായി ആചരിക്കുന്ന ഈ വർഷത്തിൽ നമ്മുടെ അതിരൂപതയിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ ചിന്തിക്കുവാനും വിലയിരുത്തുവാനുമുള്ള അവസരമായി ഈ ദിനാചരണം സഹായിക്കട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

വിശ്വാസ പരിശീലനം സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തമാണ്. തലമുറകളായി നമുക്ക് ലഭിച്ച വിശ്വാസത്തെ അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ട് വരും തലമുറയ്ക്ക് കൈമാറുവാനുള്ള ഈ ദൗത്യം സഭാംഗങ്ങളെല്ലാവരും ഒത്തുചേർന്ന് നിർവ്വഹിക്കേണ്ടതാണ്. വിശ്വാസ പരിശീലനം വേദപാഠക്ലാസ്സുകളിലെ പാഠ്യപദ്ധതിയിൽ മാത്രം ഒതുക്കേണ്ട കാര്യമല്ല. വിശ്വാസ പരിശീലനത്തിന്റെ ആരംഭം സ്വന്തം ഭവനങ്ങളിലാണ്. മാതാപിതാക്കന്മാരും കുടുംബത്തിലെ മുതിർന്ന അംഗങ്ങളുമാണ് ആദ്യത്തെ അദ്ധ്യാപകർ. വാക്കുകളിലും ചിന്തകളിലും പ്രവർത്തിയിലും വിശുദ്ധി സൂക്ഷിക്കുന്ന കുടുംബാന്തരീക്ഷത്തിലാവണം കുട്ടികൾ വളർന്നു വരുവാൻ. വിശ്വാസത്തിലും പ്രാർത്ഥനയിലും കാരുണ്യ പ്രവർത്തിയിലും തല്പരരായ മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതമാണ് കുട്ടികൾ സ്വാംശീകരിക്കുന്ന ആദ്യപാഠം എന്ന് മനസ്സിലാക്കിക്കൊണ്ട് കുടുംബത്തിൽ പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും അന്തരീക്ഷം നിലനിർത്തി മാതൃകാപരമായ ജീവിതം നയിക്കുവാൻ മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

വിശ്വാസ പരിശീലനത്തിൽ മാതാപിതാക്കൾക്കുള്ള താൽപര്യവും കുഞ്ഞുങ്ങൾക്ക് നൽകേണ്ട പ്രോത്സാഹനവും എടുത്തു പറയേണ്ട കാര്യങ്ങളാണ്. ചില മാതാപിതാക്കളുടെയെങ്കിലും ഭാഗത്തു നിന്നുള്ള നിസ്സംഗതയും നിസ്സഹകരണവുമാണ് ഇന്ന് വിശ്വാസപരിശീലന മേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. പഠനത്തിലും കലാകായിക രംഗത്തും ഒന്നാമതാകുവാൻ വേണ്ടി കുട്ടികളിൽ അമിത സമ്മർദ്ദം ചെലുത്തുകയും തങ്ങളുടെ സമയവും സമ്പത്തും നിർലോഭം അതിനുവേണ്ടി ചെലവഴിക്കുവാൻ മടി കാണിക്കാതിരിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ വിശ്വാസപരിശീലന രംഗത്ത് കുട്ടികൾക്ക് എത്രമാത്രം പ്രോത്സാഹനം നൽകുന്നു എന്ന് ചിന്തിക്കുവാനുള്ള അവസരമായി ഈ ദിനാചരണത്തെ കാണേണ്ടിയിരിക്കുന്നു. സ്കൂളുകളിലെ പഠനത്തിൽ ഉന്നതനിലവാരം പുലർത്തുന്ന കുട്ടികളിൽ ചിലരെങ്കിലും വിശ്വാസപരിശീലന ക്ലാസ്സുകളിൽ ആനുപാതികമായ മികവ് പുലർത്തുന്നില്ലായെന്നത് ഗൗരവമായി കാണേണ്ട യാഥാർത്ഥ്യമാണ്.

വിശ്വാസപരിശീലകർ കുട്ടികൾക്ക് താത്വികമായ അറിവ് മാത്രം നൽകുന്നവരാകാതെ തങ്ങളുടെ വിശ്വാസ ജീവിത അനുഭവത്തിലൂടെ കുട്ടികളെ കൈപിടിച്ച് നയിക്കുന്നവരാകണം. അറിവിന്റെ കൈമാറ്റത്തിനപ്പുറത്ത് അനുഭവത്തിന്റെ കൈമാറ്റമായിരിക്കണം വിശ്വാസ പരിശീലനത്തിൽ നടത്തേണ്ടത്. കൂദാശകളുടെ പ്രത്യേകിച്ച്, പരി.കുർബാനയുടെ ഓരോ ഭാഗവും വിശദമായി പഠിച്ച് ഓരോ പ്രാർത്ഥനയുടെയും അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർത്ഥം വ്യക്തമായി മനസ്സിലാക്കി സജീവമായി പങ്കെടുക്കുവാൻ അവരെ പഠി

പ്പിക്കണം. വി.ഗ്രന്ഥവും സഭയുടെ ഔദ്യോഗിക പഠനങ്ങളും വായിക്കുവാനും പഠിക്കുവാനും അവരെ പ്രോത്സാഹിപ്പിക്കണം. ഈ ഭൂമിയിൽ എപ്രകാരം വിശുദ്ധരായി ജീവിക്കുവാൻ സാധിക്കും എന്ന് നമുക്ക് കാണിച്ചു തന്ന വിശുദ്ധരുടെ ജീവിതം പരിചയപ്പെടുവാൻ പ്രത്യേകം ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. "പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണ്" എന്ന വി. യാക്കോബ് ശ്ലീഹായുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് വിശ്വാസപരിശീലനം പ്രായോഗിക തലത്തിൽ എത്തിക്കുവാൻ പരിശ്രമിക്കാം. സമൂഹത്തിലെ കഷ്ടത അനുഭവിക്കുന്നവരെ അടുത്തറിഞ്ഞ് അവരോട് സഹാനുഭൂതി പ്രകടിപ്പിക്കുന്ന സാമൂഹിക പ്രതിബദ്ധതയുള്ള കുട്ടികളായി വളർത്തിയെടുക്കുവാൻ ആവശ്യമായ കർമ്മപദ്ധതികൾ വിശ്വാസപരിശീലനത്തിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

ചെറുപ്രായത്തിൽ ആരംഭിക്കുന്ന വിശ്വാസപരിശീലനം ജീവിതകാലം മുഴുവൻ തുടരേണ്ട ഒരു പ്രക്രിയയാണ്. അറിവിലും പ്രായത്തിലും വളരുന്നതോടൊപ്പം വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടാൻ നമുക്കേവർക്കും ചുമതലയുണ്ട്. നമ്മുടെ വിശ്വാസത്തിന് സഭ കാലാനുസൃതമായി നൽകുന്ന വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും അറിയുവാനും വിശ്വാസത്തെ ജീവിതത്തിന്റെ വഴികാട്ടിയായി നിലനിർത്താനും നാം ശ്രദ്ധാപൂർവ്വം പരിശ്രമിക്കണം. വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളും സാർവ്വത്രികസഭയുടെ മതബോധനഗ്രന്ഥവും ആഴത്തിൽ പഠിക്കുവാൻ ഓരോ കത്തോലിക്കനും ശ്രമിക്കണമെന്ന് സഭ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വിശ്വാസവഴിയിൽനിന്നു നമ്മെ വ്യതിചലിപ്പിക്കുന്ന അബദ്ധസിദ്ധാന്തങ്ങളെ തിരിച്ചറിഞ്ഞ് തള്ളിക്കളയാനും സഭയുടെ തണലിൽ വിശ്വാസത്തിലടിയുറച്ചു വളരാനും നമുക്ക് പരിശ്രമിക്കാം. മിശിഹായുടെ ശരീരമാകുന്ന തിരുസഭയിൽ സജീവമായി പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സഭയുടെ പ്രിയമക്കളായി വളരാനും കുഞ്ഞുങ്ങളെ വളർത്താനും നാം ആചരിക്കുന്ന വിശ്വാസ പരിശീലന ദിനം നമ്മെ സഹായിക്കട്ടെ.

നമ്മുടെ അതിരൂപതയിൽ വിശ്വാസപരിശീലന രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന എല്ലാവരേയും നന്ദിയോടെ അനുസ്മരിക്കുന്നു. ഇവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളോട് മാതാപിതാക്കന്മാരും ഇടവക മുഴുവനും ആത്മാർത്ഥമായി സഹകരിക്കുന്നതുവഴി നമ്മുടെ കുഞ്ഞുങ്ങൾ ദൈവാനുഗ്രഹത്താൽ നിറയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. : ഈ സർക്കുലർ ഡിസംബർ മാസം 9-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വായിച്ചറിയിക്കുകയും ആ ദിവസത്തെ സ്തോത്രക്കാഴ്ച അതിരൂപതയിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിൽ ഏൽപിക്കേണ്ടതുമാണ്.